പുനഃരുദ്ധാരണ പദ്ധതി പ്രകാരം കൃ. 420-ാം നമ്പർ കയിലോൺ ഡിസ്ട്രിക്ട് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് സഹകരണ സംഘത്തിന് 10 (പത്ത്) ലക്ഷം രൂപ ഓഹരി വായ്പ സബ്സിഡി ഇനങ്ങളിലായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2010-11-ൽ എ. 381-ാം നമ്പർ കോസ്റ്റൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് സഹകരണ സംഘത്തിന് സബ്സിഡിയായി 1 കോടി രൂപ ഉപധനാഭ്യർത്ഥന വഴി വകയിരുത്തിയിട്ടുണ്ട്. ട്രാൻസ്പോർട്ട് സേവനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ 3-2-2011-ലെ ജി.ഒ. (ആർ‌ടി.) നമ്പർ 68/2011/സഹ പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന കൃ. 420-ാം നമ്പർ കയിലോൺ ഡിസ്ട്രിക്ട് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘത്തിന്റെ (കോമോസ്) പുനരുദ്ധാരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സഹകരണ വകുപ്പു സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ 7-6-2008-ലെ ജി.ഒ. (ആർ‌ടി.) നമ്പർ 360/08/സഹ നമ്പർ ഉത്തരവു പ്രകാരം നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. 2009-10 വാർഷിക പദ്ധതിയിലെ പീഠിത സഹകരണസംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി പ്രകാരം ഈ സംഘത്തിന് 1 (ഒരു) ലക്ഷം രൂപ ഓഹരി മൂലധന സഹായമായും 1 (ഒരു) ലക്ഷം രൂപ വായ്പയായും 8 ലക്ഷം രൂപ സബ്സിഡിയായും ആകെ 10 (പത്ത്) ലക്ഷം രൂപ ധനസഹായമായി അനുവദിച്ചു നൽകിയിട്ടുണ്ട്. സംഘത്തിന്റെ പുനഃരുദ്ധാരണത്തിനായി സംഘം സമർപ്പിച്ച 140 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി സർക്കാറിന്റെ പരിഗണനയിലാണ്.

സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നിയന്ത്രണം

24 (2276) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ നിയന്ത്രിക്കുന്ന കാര്യത്തിൽ സഹകരണ വകുപ്പ് പക്ഷപാതപരമായ നിലപാട് സ്വീകരിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ സഹകരണ നിയമം 65,66 വകുപ്പുകളനുസരിച്ച് അന്വേഷണം നടത്തിയ റിപ്പോർട്ടുകളിന്മേൽ ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കുന്ന കാര്യത്തിൽ ഉദാസീനത കാട്ടുന്നതിനെക്കുറിച്ചന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുമോ ;

(സി) നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സംഘങ്ങളെ നിയമപരമായി കൈകാര്യം ചെയ്യുന്നതിനുപകരം അവയുടെ വായ്പാവിതരണം നിർത്തി പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അന്വേഷണം നടത്തി ലഭിക്കുന്ന റിപ്പോർട്ടുകളിൻമേൽ നടപടി എടുക്കുന്ന കാര്യത്തിൽ യാതൊരു ഉദാസീനതയും ഉണ്ടായിട്ടില്ല. തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ലഭിച്ച 65–ാം വകുപ്പ് പ്രകാരമുള്ള 10 അന്വേഷണ റിപ്പോർട്ടുകളിലും, വകുപ്പ് 66 പ്രകാരമുള്ള 11 അന്വേഷണ റിപ്പോർട്ടുകളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങൾ, അംഗങ്ങൾക്ക് വേണ്ടിയുള്ളതും അവർക്ക് പ്രയോജനകരമായി പ്രവർത്തിപ്പിക്കേണ്ടതുമാണ്. എന്നാൽ ഭരണ സമിതിയിലേക്ക് തെരഞ്ഞെടുത്തുവരുന്ന അംഗങ്ങൾ, ടി പൊതു സത്യം മറന്നുകൊണ്ട് തന്നിഷ്ട പ്രകാരം പ്രവൃത്തിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും, സഹകരണ സംഘം രജിസ്ട്രാർ നിക്ഷേപങ്ങൾക്ക് നിശ്ചയിച്ചു നൽകിയിട്ടുള്ള പരമാവധി പലിശനിലധികരിച്ചും വായ്പകൾക്ക് അമിത പലിശ ഈടാക്കുന്നതായും ബ്ലേഡു കമ്പനികളെപ്പോലെ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിക്ഷേപം വാങ്ങുകയും വായ്പ നൽകുകയും ചെയ്യുന്ന എല്ലാ സഹകരണ സംഘങ്ങളും സ്വീകരിക്കുന്ന നിക്ഷേപത്തിനും നൽകുന്ന വായ്പകൾക്കും സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചു നൽകിയിട്ടുള്ളതിൽ കൂടുതൽ പലിശ ഈടാക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകുകയും പരിശോധനയിൽ രജിസ്ട്രാർ നിശ്ചയിച്ചു നൽകിയിട്ടുള്ളതിൽ കൂടുതൽ പലിശ നൽകുകയോ ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സംഘങ്ങൾക്ക് എതിരെ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. നിക്ഷേപം വാങ്ങുന്നതിനും വായ്പകൾ നൽകുന്നതിനുമുള്ള അധികാരം ബൈലയിൽ ഉൾപ്പെടുത്തി അംഗീകരിച്ച് നൽകുന്നത് സഹകരണ സംഘം രജിസ്ട്രാർ/ ജോയിന്റ് രജിസ്ട്രാറാണ്. ആയതിനാൽ തന്നെ ടി പ്രവർത്തനങ്ങൾ സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കനുസൃതമായി നിയമപരമായിരിക്കേണ്ടതാണ്. സ്വകാര്യ പണമിടപാടുകാരെപ്പോലെ പ്രവർത്തിക്കാൻ സഹകരണ സംഘമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നവരെ അനുവദിക്കാൻ കഴിയുകയില്ല. ഇപ്രകാരം സ്വകാര്യ പണമിടപാടുകാരെപ്പോലെ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വായ്പ നൽകുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ സസ്പെൻഡ് ചെയ്ത് കൊണ്ട് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർമാർ ഉത്തരവ് നൽകുകയും അധികമായി വായ്പകൾക്ക് ഈടാക്കിയ തുകകൾ തിരികെ നൽകുകയും നിക്ഷേപങ്ങൾക്ക് അധിക പലിശ ഇനത്തിൽ നൽകിയ തുക കണക്കാക്കി, നൽകാൻ കാരണക്കാരായ ഉത്തരവാദികളിൽ നിന്ന് ഈടാക്കാനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. മേൽ നടപടികൾ പൊതുജനങ്ങളെ യാതൊരു വിധത്തിലും ബുദ്ധിമുട്ടിച്ചിട്ടില്ല. മറിച്ച്, ഈ നടപടിയെ സ്വാഗതം ചെയ്യുകയും അംഗങ്ങൾ സംഘം പ്രവർത്തനത്തിൽ കൂടുതൽ ജാഗരൂകരാകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly